(24) പെരിന്തൽമണ്ണ അർബൻ വാട്ടർസപ്ലൈ സ്കീമിന്റെ പണി പൂർത്തിയാക്കൽ

ശ്രീ. നാലകത്ത് സൂപ്പി : സർ, 1996-ൽ മുൻ ഗവൺമെന്റിന്റെ കാലത്ത് എൽ.ഐ.സി. യുടെ സഹായത്തോടെ 19 കോടി രൂപ ചെലവഴിച്ചുകൊണ്ട് നടത്താൻ ഉദ്ദേശിച്ച പെരിന്തൽമണ്ണ അർബൻ വാട്ടർസപ്ലൈ സ്കീമിന്റെ പണി ഇതുവരേയും പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. പമ്പിംഗ് മെയിനിന്റെ പണി തുടങ്ങിയിട്ടില്ല. അതുപോലെത്തന്നെ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി നടത്തുന്നതിനുള്ള പ്രൊപ്പോസൽ, അതിന്റെ അനുമതിക്കുവേണ്ടി ബോർഡിലേയ്ക്ക് അയച്ചിരിക്കുകയാണ്. ഇതുവരേയും ബോർഡ് സാങ്ഷൻ കൊടുത്തിട്ടില്ല. അതുപോലെ ഓവർ ടാങ്ക് പണിയും പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. വളരെ മന്ദഗതിയിലാണ് പണി നടക്കുന്നത്. ആരുടേയോ ചില നിർബന്ധം മൂലം, പണി പെട്ടെന്ന് പൂർത്തിയാക്കരുത് എന്ന വാശിപോലെ, നിർബന്ധം ഉള്ളതുപോലെ പണി അനാവശ്യമായി നീട്ടിക്കൊണ്ടുപോകുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ അക്കാര്യത്തിൽ കുറ്റകരമായ അനാസ്ഥ കാണിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കണം.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, പെരിന്തൽമണ്ണ ശുദ്ധജല വിതരണ പദ്ധതി എൽ.ഐ.സി. യുടെ സഹായത്തോടുകൂടിയാണ് നടപ്പാക്കി വരുന്നത്. 1996-ൽ ആരംഭിച്ച ഈ പദ്ധതിയുടെ മതിപ്പുചെലവ് 1252 ലക്ഷം രൂപയാണ്. പദ്ധതിക്കായി തട്ടമ്പാറയിൽ 10 മീറ്റർ വ്യാസമുള്ള കിണർ, പമ്പ്ഹൗസ്, അനുബന്ധ പ്രവർത്തികൾ, ബാവായിക്കര കോളേജ് കോമ്പൗണ്ടിൽ 17 ലക്ഷം ലിറ്റർ ഉപരിതല സംഭരണി എന്നിവയുടെ പ്രവർത്തികൾ ഇതിനകം പൂർത്തിയായിട്ടുണ്ട്. കുളിർമലയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഭൂതല സംഭരണിക്കായി ലഭ്യമാക്കിയ സ്ഥലത്തിന് പ്രോജക്ടിൽ ഉദ്ദേശിച്ചിട്ടുള്ള ലെവൽ ലഭ്യമല്ലാത്തതിനാൽ ഡിസൈനിൽ മാറ്റം വരുത്തേണ്ടിവന്നു. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. 60 എം.എം. റാ-വാട്ടർ പമ്പിംഗ് മെയിനുള്ള പൈപ്പും പമ്പിംഗ് മെയിനിനുള്ള 3575 മീറ്റർ പൈപ്പിൽ 2400 മീറ്ററും ലഭിച്ചിട്ടുണ്ട്. ഇതിൽ വിതരണ ശൃംഖലയ്ക്കാവശ്യമുള്ളത് ലഭ്യമാക്കേണ്ടതുണ്ട്. 19 എം.എൽ.ഡി ശുദ്ധീകരണശാലയുടേയും തൂതപ്പുഴയിൽ നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ള വിയറിന്റേയും പണികൾ നടത്തുന്നതിനാവശ്യമായ നടപടികൾ നടന്നുവരുന്നു. ഇതുവരെ പദ്ധതികൾക്കായി 349.2 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ഈ പദ്ധതി ധൃതഗതിയിൽ നടത്തണമെന്ന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനനുസരിച്ച് നടപടികൾ സ്വീകരിക്കും.

(25) മഞ്ചേരി മുനിസിപ്പാലിറ്റിയിലെ ശുദ്ധജല വിതരണം

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, മഞ്ചേരി മുനിസിപ്പാലിറ്റിയിലെ അർബൻ വാട്ടർ സപ്ലൈ സ്കീമിന്റെ പണി തുടങ്ങിയിട്ട് വർഷങ്ങളായി അത് കമ്മിഷൻ ചെയ്യാൻ സാധിക്കുന്നില്ല. മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പയ്യനാട്, വിമ്പൂർ, പുല്ലഞ്ചേരി തുടങ്ങിയ പ്രദേശങ്ങളിലേയ്ക്ക് പൈപ്പുലൈനുകൾ സ്ഥാപിച്ചുകൊണ്ട് പ്രസ്തുത സ്കീം കമ്മിഷൻ ചെയ്യണം. അതുപോലെ എൽ.ഐ.സി. യുടേയും മറ്റും സഹായത്തോടുകൂടി തുടങ്ങിയ ചീക്കോട് വാട്ടർ

LIBRARY ARCHIVES Kerala Legislative Assembly

സപ്ലൈ സ്കീമും കീഴ്പറമ്പ് സ്കീമും അടിയന്തിരമായി പ്രവർത്തനം പൂർത്തീകരിച്ച് ജനങ്ങൾക്ക് കുടിവെള്ളം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, മഞ്ചേരി ശുദ്ധജലവിതരണ പദ്ധതിയിൽ ഏകദേശം 101 കിലോമീറ്റർ വിതരണ ശൃംഖല ഇട്ടിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ട പൈനാട്, പുല്ലഞ്ചേരി, വിയ്യൂർ എന്നീ ഭാഗത്തെ പൈപ്പുലൈൻ ഏകദേശം 15 കിലോമീറ്ററോളം ചാർജ്ജ് ചെയ്യേണ്ടതുണ്ട്. ഇതിന്റെ ചാർജ്ജിംഗ്. നഗരത്തിലെ ശുദ്ധജലവിതരണം തടസ്സപ്പെടുത്താതെയാണ് നടത്തുന്നത്. ഈ ഭാഗങ്ങളിൽ മുൻപ് സ്ഥാപിച്ചിരുന്ന പൈപ്പുകൾക്ക് റോഡ് നിർമ്മിക്കുമ്പോഴും വീതി കൂട്ടുമ്പോഴും സ്ഥാനചലനം സംഭവിച്ചിരിക്കുന്നു. ഈ ലൈനുകളുടെ പുന:സ്ഥാപന പ്രവർത്തനങ്ങളും ലൈൻ ചാർജ്ജിംഗും നടന്നുവരുന്നു. കിണർ, ശുദ്ധീകരണശാല, റാ-വാട്ടർ പമ്പിംഗ് മെയിൻ, മെയിൻ ശുദ്ധീകരണശാലയിലേയ്ക്കുള്ള റോഡ്, ഉപരിതല സംഭരണി എന്നിവയ്ക്ക് ടെണ്ടർ ചെയ്തു കഴിഞ്ഞു. ശുദ്ധീകരണശാലയുടെ ടെന്റർ വിളിച്ചിരുന്നത് കാൻസൽ ചെയ്തു. പുതുതായി ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടെൻഡർ അംഗീകരിക്കുന്ന മുറയ്ക്ക്, പണികൾ പൂർത്തിയാക്കി പദ്ധതി കമ്മിഷൻ ചെയ്യുന്നതാണ്.

(26) പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ടിൽനിന്നുള്ള ജലവിതരണം

ശ്രീ. എം. പി. വർഗ്ഗീസ് : സർ, എറണാകുളം നിയോജകമണ്ഡലത്തിൽ ജലസേചനം എത്തിക്കുന്ന പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ പ്രവർത്തനം വളരെ കുഴപ്പത്തിലായ സ്ഥിതിയിലാണ്. കനാലുകളുടെ ടെയിൽ എൻഡിൽ വെള്ളം എത്താറില്ല. അതിന്റെ ഷട്ടറുകൾ കനാലിൽപോയിട്ട് ഏറെ വർഷങ്ങളായി. ഈ വിഷയം ഞാൻ പലപ്പോഴും ഈ നിയമസഭയിൽ സബ്മിഷനായി ഉന്നയിച്ചിട്ടുള്ളതാണ്. അതുപോലെതന്നെ ഒരു കോടി രൂപ വാട്ടർ ചാർജ്ജ് വാങ്ങിക്കൊണ്ടാണ് എഫ്.എ.സി.റ്റി.ക്ക് വെള്ളം എത്തിക്കുന്നത്. വെള്ളം എത്താത്തതിന്റെ ആക്ഷേപങ്ങളും പരാതികളും സംബന്ധിച്ച് ഇവിടെത്തന്നെ പല നിവേദനങ്ങൾ കൊടുത്തിട്ടുള്ളതാണ്. അറ്റകുറ്റപ്പണികൾ നടത്താത്തതാണ് അതിന്റെ യഥാർത്ഥ കാരണം. ടെയിൽ എൻഡിൽ വെള്ളം എത്താത്തതുകൊണ്ട് കുടിവെള്ളത്തിന്റെ പ്രശ്നവുമുണ്ട്. കൃഷിയെല്ലാം ഉണങ്ങി നശിച്ചിരിക്കുന്ന സാഹചര്യമുണ്ട്. അടിയന്തിരമായും ഈ കാര്യത്തിൽ ഇടപെട്ട് വെള്ളം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, പെരിയാർ വാലി ജലസേചന പദ്ധതിയുടെ ജലസംഭരണിയായ ഭൂതത്താൻകെട്ട് ബാരേജിന് 30 വർഷത്തിലേറെ പഴക്കമുണ്ട്. ഇതിന്റെ പ്രവർത്തനത്തിന് ആവശ്യമായ ജലസ്രോതസ് വൈദ്യുതി ബോർഡിന്റെ ഇടമലയാർ ജലവൈദ്യുത പദ്ധതിയിൽ നിന്നും ബഹിർഗമിക്കുന്ന ജലമാണ്. ബാരേജിൽ 15 ഷട്ടറുകളിൽ പൂർണ്ണ പ്രവർത്തനക്ഷമതയുള്ളത് ഒന്ന് മാത്രമാണ്. മൂന്നെണ്ണം ഭാഗികമായി പ്രവർത്തിക്കുന്നു. ബാക്കി 11 എണ്ണവും

LIBRARY ARCHIVES Kerala Legislative Assembly